# നീര ഇനി ഒരേ ബ്രാൻഡിൽ ഒരേ രുചിയിൽ

Mathrubhumi 01.01.18

## നഷ്ടത്തിലായ കമ്പനികളെ കരകയറ്റുക ലക്ഷ്യം

**തൃശ്ശൂർ ▸** സംസ്ഥാനത്ത് നീര ഉത്പാദിപ്പിക്കുന്ന 29 കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികളുടെയും പ്രവർത്തനം കൃഷിവകുപ്പ് ഏകോപിപ്പിക്കുന്നു.

ഇപ്പോൾ കമ്പനികൾ മൂന്നു തരത്തിലുള്ള നിർമാണരീതികളാണ് ഉപയോഗിക്കുന്നത്. അതിൽ അനായാസമായതും ചെലവ് കുറഞ്ഞതുമായ രീതിയായിരിക്കും സ്വീകരിക്കുക. അതോടെ നീരയുടെ രുചി ഒരേതരത്തിലാകും. ഇവയെല്ലാം ഒരു ബ്രാൻഡ് നാമത്തിൽ വിപണിയിലെത്തിക്കും.

നീരയുടെ സംഭരണത്തിനും കയറ്റുമതിക്കും ആഭ്യന്തരവിപണിയിലേക്കുമായി ടെട്രാ പാക്ക് ഉൾപ്പെടെയുള്ള സാങ്കേതികസംവിധാനങ്ങൾ ഒരുക്കും.



കാർഷിക സർവകലാശാലയിൽ നടന്ന അന്തർദേശീയ പ്രദർശനത്തിന്റെ സമാപനച്ചടങ്ങിനെത്തിയ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ, ബ്രസീലിയൻ തേങ്ങ പരിശോധിക്കുന്നു. മന്ത്രിമാരായ വി.എസ്. സുനിൽ കുമാർ, എ.സി. മൊയ്തീൻ തുടങ്ങിയവർ സമീപം



### ബജറ്റിൽ തുക പ്രതീക്ഷിക്കുന്നു

നീര കമ്പനികളുടെ പുനരുദ്ധാരണത്തിന് ബജറ്റിൽ തുക വകയിരുത്തുമെന്ന് പ്രതീക്ഷിക്കുന്നു. അതോടെ പ്രതിസന്ധി തീരും. കർഷകർക്ക് നേട്ടമുണ്ടാകുമെങ്കിൽ സ്വകാര്യ നീര കമ്പനികളെയും പ്രോത്സാഹിപ്പിക്കും.

**-വി.എസ്. സുനിൽകുമാർ**
കൃഷിമന്ത്രി

## തകരാൻ കാരണങ്ങൾ പലത്

*നീര ചെത്താൻ വൈദഗ്ധ്യം നേടിയവരിൽ 90 ശതമാനവും

ജോലി ഉപേക്ഷിച്ചു
*പ്ലാന്റിന്റെ തുടർപ്രവർത്തനത്തിന് മൂലധനം ശേഖരിക്കാൻ

കമ്പനികൾക്കായില്ല
*നീരചെത്തിന് എക്സൈസ് വകുപ്പ് ചില കമ്പനികൾക്ക് തുടർ

അനുമതി നൽകിയില്ല
*നീര വേണ്ടവിധം സംസ്കരിക്കാനും വിപണിയിലെത്തിക്കാ

നും കഴിഞ്ഞില്ല
*തമിഴ്നാട്ടിലെ നീര കമ്പനികളോട് മത്സരിച്ച് ജയിക്കാനായില്ല
*മാർക്കറ്റിങ്ങിൽ നീര കമ്പനികൾ പൂർണപരാജയമായിരുന്നു.